(ബി) ലോട്ടറി നറുക്കെടുപ്പ് സുതാര്യമാണെന്ന് ജനങ്ങൾക്ക് ബോദ്ധ്യമാകുംവിധം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് നറുക്കെടുപ്പ് നടത്തുന്ന പഴയ സംവിധാനം പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2005-ലെ കേരള പേപ്പർ ലോട്ടറീസ് (റഗുലേഷൻ) രൂം ഖണ്ഡിക 8 പ്രകാരം സർക്കാർ തീരുമാനിക്കുന്നതിനനുസരിച്ച് തിരുവനന്തപുരത്തുവച്ചോ, സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽവച്ചോ നറുക്കെടുപ്പ് നടത്താവുന്നതാണ്.

(ബി) സംസ്ഥാനത്ത് പേപ്പർ ലോട്ടറികളുടെ നറുക്കെടുപ്പ് ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുള്ള ജഡ്ജിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ വളരെ കാര്യക്ഷമമായും സുതാര്യവുമായിട്ടും തന്നെയാണ് നടത്തിവരുന്നത്.

ഓൺലൈൻ ലോട്ടറിക്കാരുടെ നികുതി കുടിശ്ശിക

41 [2650] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും ലഭിക്കുവാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നികുതി വകുപ്പിന്റെ നടപടിയെതുടർന്ന് എത്ര കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇനി എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്;

(സി) നികുതി കുടിശ്ശിക നൽകാത്തവരുടെമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും ലഭിക്കുവാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ (അസസ്മെന്റ്) പൂർത്തിയായി വരുന്നു.

(ബി) 2004-05 വർഷത്തിൽ ഓൺലൈൻ ലോട്ടറിയിൽനിന്ന് 109.23 ലക്ഷം രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. പിരിഞ്ഞു കിട്ടാനുള്ള തുകയുടെ കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(സി) എസ്.എൽ.പി. 4802/05-ൽ 4-4-2005-ലെ സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിനെ തുടർന്ന് നികുതി കുടിശ്ശിക നൽകാത്തവർക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തി വച്ചിരിക്കുകയാണ്.

ഓൺലൈൻ ലോട്ടറി കേസ്സുകൾ

42 [2651] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറിയുമായി ബന്ധപ്പെട്ട് സർക്കാരിനെതിരെ കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സുകൾ ഏതൊക്കെയാണ്; വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly